പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1868 — 07.12.2015-ൽ മറുപടിക്ക്.

## തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിന് ചെലവാക്കിയ തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ചന്ദ്രൻ | ഉമ്മൻ ചാണ്ടി (ബഹു.മുഖ്യമന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ പോലീസ് ഉപയോഗിച്ച സ്വകാര്യ വാഹനങ്ങൾക്ക് ഇനിയും വാടക നൽകിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ പോലീസ് ഉപയോഗിച്ച സ്വകാര്യ വാഹനങ്ങൾക്ക് മുഴുവൻ വാടകയും നൽകിയിട്ടുണ്ട്. |
| (ബി) ഗ്രാമ-ബ്ലോക്ക് തല വരണാധികാരികളായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കും അനുബന്ധ സ്റ്റാഫിനും ഓണറേറിയം നിശ്ചയിച്ചു നൽകിയിട്ടുണ്ടോ;<br>(സി) ഇല്ലെങ്കിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമായി ആലോചിച്ച് ഇക്കാര്യം തീരുമാനിക്കുമോ; | (ബി) & (സി) ഇല്ല. വരണാധികാരികൾക്കും ഉപവരണാധികാരികൾക്കും ഓണറേറിയം നിശ്ചയിച്ചു നൽകുന്ന വിഷയം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ പരിശോധനയിലാണ്. |
| (ഡി) തെരഞ്ഞെടുപ്പിന് ആവശ്യമായ തുക സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനു നൽകിയിട്ടുണ്ടോ; ഇതുവരെ എത്ര രൂപ നൽകി; ഇനിയും എത്ര തുക കൂടി നൽകുവാനുണ്ട്; പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നു കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) പൊതു തെരഞ്ഞെടുപ്പിന്റെ നടത്തിപ്പിലേക്കായി നാളിതുവരെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് 92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാരോടും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച അച്ചടി, സ്റ്റേഷനറി വകുപ്പുകളോടും മറ്റ് വകുപ്പുകളോടും തെരഞ്ഞെടുപ്പ് ചെലവുകളെ സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇനിയും എത്ര തുക കൂടി തെരഞ്ഞെടുപ്പ് ചെലവിലേക്ക് ആവശ്യമായി വരുമെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ